# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD.16-1466/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 06/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD.16-1466/22 തീയ്യതി: 06/07/2022

## പാലക്കാട് ജില്ലയിലെ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-10-2018 മുതൽ 09-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശശിഭൂഷൺ.ഇ. | ഡെപ്യൂട്ടി ഡയറക്ടർ | 10-06-2022 | 20-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-06-2022 | 20-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുജാത.പി. -ഓഡിറ്റ് ഓഫീസർ
ബീന.എം.വി. -സീനിയർ ഗ്രേഡ് ഓഡിറ്റർ
താരിഖ്.എം.എസ്. -സീനിയർ ഗ്രേഡ് ഓഡിറ്റർ
(2020-21 വർഷത്തെ ഓഡിറ്റ് കൂടി ഇതോടൊപ്പം നടത്തിയിട്ടുണ്ട്.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ദീപ നാരായണൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.കെ.ബിജു | സെക്രട്ടറി | 01-04-2019 | 10-12-2019 |
| ശ്രീ.ഗോകുൽദാസ്.ടി.ആർ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-12-2019 | 22-12-2019 |
| ശ്രീ.കെ.ബിജു | സെക്രട്ടറി | 23-12-2019 | 07-03-2020 |
| ശ്രീ.ഗോകുൽദാസ്.ടി.ആർ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-03-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അർച്ചന.സി.ആർ. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ആയിഷാബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ.ഷൈലജ.ടി. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.സുജാത.എസ്. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.ഷൈനി.എൻ. | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.ജ്യോതിസ് ശങ്കർ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ.കെ.എം.നാരായണൻകുട്ടി | പ്രധാന അധ്യാപകൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.ബിന്ദു | വി.ഇ.ഒ. | 01-04-2019 | 31-03-2020 |
| ശ്രീമതി.രാധ.കെ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.ഗോകുൽദാസ്.ടി.ആർ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.പ്രിയ.പി.ബി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.രാജേഷ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.S.Tharick (Senior Grade Auditor, On 30-06-2022)<br>Last Updated By: M.S.Tharick (Senior Grade Auditor, On 30-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: P. Sujatha (Audit Officer, On 29-06-2022)<br>Last Updated By: P. Sujatha (Audit Officer, On 29-06-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: P. Sujatha (Audit Officer, On 29-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: P. Sujatha (Audit Officer, On 29-06-2022)<br>Last Updated By: P. Sujatha (Audit Officer, On 29-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: P. Sujatha (Audit Officer, On 29-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: P. Sujatha (Audit Officer, On 29-06-2022)<br>Last Updated By: P. Sujatha (Audit Officer, On 29-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: P. Sujatha (Audit Officer, On 29-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: M.V.Beena (Senior Grade Auditor, On 29-06-2022)<br>Last Updated By: M.V.Beena (Senior Grade Auditor, On 30-06-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: M.S.Tharick (Senior Grade Auditor, On 13-06-2022)<br>Last Updated By: M.S.Tharick (Senior Grade Auditor, On 13-06-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)<br>Written By: P. Sujatha (Audit Officer, On 29-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P. Sujatha (Audit Officer, On 29-06-2022)<br>Last Updated By: P. Sujatha (Audit Officer, On 29-06-2022) | 1-10 |
| 12 | സേവനങ്ങൾ നൽകുന്നതിന് നിയമം/ചട്ട പ്രകാരമുള്ള നികുതി ഈടാക്കുന്നില്ല<br>Written By: M.S.Tharick (Senior Grade Auditor, On 29-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 1-11 |
| 13 | പെർമിറ്റ് എടുക്കാതെയുള്ള നിർമ്മാണങ്ങൾ അധികരിക്കുന്നു<br>Written By: M.S.Tharick (Senior Grade Auditor, On 29-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 1-12 |
| 14 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - രേഖകളുടെ പരിശോധന<br>Written By: M.S.Tharick (Senior Grade Auditor, On 29-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 1-13 |
| 15 | ഭിന്നശേഷിക്കാർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ-ലൈസൻസ് ഹാജരാക്കിയിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 29-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 1-14 |
| 16 | അമൃതം ന്യൂട്രിമിക്സ് വാങ്ങൽ- ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു<br>Written By: M.S.Tharick (Senior Grade Auditor, On 29-06-2022) | 1-15 |

| | | |
|---|---|---|
| | Last Updated By: Anish A (Computer Assistant, On 06-07-2022) | |
| 17 | അങ്കണവാടികളിലേക്ക് വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് അമൃതം ഫുഡ്സ് -ലാബ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 29-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 1-16 |
| 18 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ - സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയില്ല. ചെലവ് തുക 400000- തടസ്സപ്പെടുത്തുന്നു.<br>Written By: M.S.Tharick (Senior Grade Auditor, On 29-06-2022)<br>Last Updated By: P. Sujatha (Audit Officer, On 29-06-2022) | 1-17 |
| 19 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികൾ<br>Written By: P. Sujatha (Audit Officer, On 30-06-2022)<br>Last Updated By: P. Sujatha (Audit Officer, On 30-06-2022) | 1-18 |
| 20 | വാഹനപരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: M.V.Beena (Senior Grade Auditor, On 30-06-2022)<br>Last Updated By: M.V.Beena (Senior Grade Auditor, On 30-06-2022) | 1-19 |
| 21 | എെ.എസ്.ഒ. സർട്ടിഫിക്കറ്റ് - അനുബന്ധചെലവുകൾ - ചെലവുരേഖകൾ ഹാജരാക്കേണ്ടതാണ്.<br>Written By: M.V.Beena (Senior Grade Auditor, On 30-06-2022)<br>Last Updated By: M.V.Beena (Senior Grade Auditor, On 30-06-2022) | 1-20 |
| 22 | ജലനിധി പദ്ധതി - പമ്പ് ഓപ്പറേറ്റർമാരുടെ വേതനം - സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കേണ്ടതാണ്.<br>Written By: M.V.Beena (Senior Grade Auditor, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 1-21 |
| 23 | എ.ബി.സി. പദ്ധതി - ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: M.V.Beena (Senior Grade Auditor, On 30-06-2022)<br>Last Updated By: M.V.Beena (Senior Grade Auditor, On 30-06-2022) | 1-22 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: P. Sujatha (Audit Officer, On 29-06-2022)<br>Last Updated By: P. Sujatha (Audit Officer, On 29-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P. Sujatha (Audit Officer, On 29-06-2022)<br>Last Updated By: P. Sujatha (Audit Officer, On 29-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തിക്ക നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: M.V.Beena (Senior Grade Auditor, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P. Sujatha (Audit Officer, On 29-06-2022)<br>Last Updated By: P. Sujatha (Audit Officer, On 29-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: P. Sujatha (Audit Officer, On 29-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: P. Sujatha (Audit Officer, On 29-06-2022)<br>Last Updated By: P. Sujatha (Audit Officer, On 29-06-2022) | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P. Sujatha (Audit Officer, On 29-06-2022)<br>Last Updated By: P. Sujatha (Audit Officer, On 29-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P. Sujatha (Audit Officer, On 29-06-2022)<br>Last Updated By: P. Sujatha (Audit Officer, On 29-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P. Sujatha (Audit Officer, On 29-06-2022)<br>Last Updated By: P. Sujatha (Audit Officer, On 29-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P. Sujatha (Audit Officer, On 29-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P. Sujatha (Audit Officer, On 29-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് -പത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

18.2.2019 തീയതിയിലെ (1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 22.2.2020 തീയതിയിലെ 2-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | 7661153 |
| വരവ് | 204915509 |
| ആകെ വരവ് | 212576662 |
| ചെലവ് | 203224714 |
| നീക്കിയിരിപ്പ് | 9351948 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 30.7.2020 | 15.6.2020 | - | - |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1) കേന്ദ്രാവിഷ്കൃതം (ഐ സി ഡി എസ്), ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് ഷെയറുകളുടെ ഫണ്ടു വിവരം, മറ്റ് ഏജൻസികളിൽനിന്ന് ലഭ്യമാകുന്ന ഫണ്ടുകളുടെ വിവരം എന്നിവ രേഖപ്പെടുത്തുന്നതിന് അപ്രോപ്രിയേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2) ലൈഫ് പദ്ധതിക്കായി എടുത്തിട്ടുള്ള ലോൺവിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

3) വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭരണചെലവുകൾ, EFMS ചെലവുകൾ എന്നിവ NREGS കാഷ്ബുക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4) ലൈഫ് മിഷൻ സംസ്ഥാനാവിഷ്കൃത വിഹിതം Secured Loans From State Govt. എന്ന ഹെഡിലാണ് ചേർത്തിരിക്കുന്നത്.

5) ഡെപ്പോസിറ്റ് രജിസ്റ്റർ സംക്ഷിപ്തം എഴുതിയിട്ടില്ല. Suppliers EMD, Deposits Received From Halls And Auditoriums എന്നിവയിലെ എന്നിവയിലെ വരവ് ചെലവ് തുകകൾ AFS ആയി പൊരുത്തപ്പെടുന്നില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. 340109901 എന്ന ഹെഡിലെ Other Deposits ഇനത്തിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

6) അഡ്വാൻസ് രജിസ്റ്റർ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. 460500501 എന്ന ഹെഡിലെ Advance To Implementing Officers ഇനത്തിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഓഡിറ്റ് കാലയളവിലെ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരങ്ങൾ ഈ ഹെഡിൽ ചേർത്തിട്ടില്ല.

7) 450250102 എന്ന ഹെഡിലുള്ള Treasury Own Fund Account (Sub Treasury, Ottappalam -614) നിലവിലില്ല. എന്നാൽ വാർഷിക കണക്കിൽ നില നിർത്തിയിരിക്കുന്നു.

8) ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 3/14.6.2022ന് 2021-22വർഷം ശരിയായ ഹെഡിൽ തന്നെയാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത് എന്നും അപാകതകൾ പരിഹരിക്കാം എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

9) പെർമിറ്റ് ഫീ ഇനത്തിൽ വർഷത്തിലെ വാർഷിക ധനകാര്യ പത്രിക പ്രകാരം 199228/-രൂപ വരവുണ്ട്. എന്നാൽ പെർമിറ്റ് രജിസ്റ്ററിൽ വരവു വന്ന രേഖപ്പെടുത്തലുകളുടെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

10) ബിൽഡിങ്ങ് റഗുലറൈസേഷൻ ഫീയിനത്തിൽ 58158/- രൂപ വരവുണ്ട്. എന്നാൽ പെർമിറ്റ് രജിസ്റ്ററിൽ വരവുവന്നതിന്റെ രേഖപ്പെടുത്തലുകൾ ഇല്ല.

11)ഡി & ഒ ലൈസൻസ്-വാർഷിക ധനകാര്യ പത്രിക പ്രകാരം -Collection-123600- എന്നാൽ സഞ്ചയസോഫറ്റ് വെയറിൽ ഉൾപ്പട്ട എല്ലാ ഡിമാന്റുകളുടെയും വരവ് വന്നിട്ടില്ല.

12) സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത പരിശോധിക്കുവാൻ സാധ്യമായിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹65060418 |
| വരവ് | ₹124591722 |
| ആകെ | ₹189652140 |
| ചെലവ് | ₹130471929 |
| നീക്കിയിരിപ്പ് | ₹59180211 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ | 0 | 13334481 | 13334481 | 12687435 | 647046 |
| വികസന ഫണ്ട് എസ്.സി.പി | 0 | 10888765 | 10888765 | 6102501 | 4786264 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 10576000 | 10576000 | 5645858 | 4930142 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 5106000 | 5106000 | 2018445 | 3087555 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ | 0 | 11897933 | 11897933 | 2018445 | 9879488 |

| ഗ്രാന്റ് (അൺ ടൈഡ്) | | | | | |
|---|---|---|---|---|---|

സർക്കാരിൽ നിന്നും തൻവർഷം ലഭിച്ച പദ്ധതി ഫണ്ടിൽ ₹23330495/- വിനിയോഗിക്കാൻ കഴിയാതെ നഷ്ടപ്പെട്ടിട്ടുണ്ട്.

കേന്ദ്രാവിഷ്കൃതം

1. ICDS

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 400758 | 624757 | 1025515 | 498243 | 527272 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 76311 | 843081 | 919392 | 768354 | 151038 |
| എം.എൻ.ആർ. ഇ.ജി.എസ്-തൊഴിലാളി കളുടെ വേതനം | 0 | 16584942 | 16584942 | 16584942 | 0 |
| ആകെ | 76311 | 17428023 | 17504334 | 17353296 | 151038 |

എഎഫ്എസ്, രജിസ്റ്റർ എന്നിവ പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

രജിസ്റ്റർ പ്രകാരം ഉള്ള വരവ് ചെലവുകൾ

NREGS അഡ്മിൻ വരവ് -₹825126 അഡ്മിൻ ചെലവ് -₹1159779, തൊഴിലാളികളുടെ വേതനം -₹15609445/- മെറ്റീരിയൽ -₹982299

*3. ശുചിത്വ ഫണ്ട്*

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 2000000 | 0 | 2000000 | 818158 | 1181842 |
| ശുചിത്വ മിഷൻ ഫണ്ട് | 9007 | 0 | 9007 | 0 | 9007 |
| PBGI | 10495 | 0 | 10495 | 0 | 10495 |
| ആകെ | 2009007 | 0 | 2009007 | 818158 | 1190849 |

4. സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 0 | 10000000 | 10000000 | 10000000 | 0 |
| ജലനിധി | 15570662 | 38857911 | 54428573 | 53608365 | 820208 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 248 | 144802758 | 115 | 60434682 | --- | 133 | 46.37 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്കുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 4 | 8292450 | 5365350 | 64.7 |
| വി.ഇ.ഒ. | 18 | 10 | 61231319 | 25811722 | 42.15 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 8 | 5309860 | 3402564 | 64.08 |
| സെക്രട്ടറി | 39 | 13 | 18045752 | 7294041 | 40.42 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 137 | 54 | 41758191 | 13513399 | 32.36 |
| മെഡിക്കൽ ഓഫീസർ-PHC | 4 | 4 | 845760 | 799077 | 94.48 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 3 | 730000 | 720000 | 98.63 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 270000 | 270000 | 100 |
| വെറ്ററിനറി സർജ്ജൻ | 8 | 8 | 2718200 | 629450 | 23.16 |
| പ്രധാന അധ്യാപകൻ | 12 | 5 | 2022296 | 1105576 | 54.67 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1250000 | 597253 | 47.78 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 2 | 2328930 | 926250 | 39.77 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 0 | 0 | --- | --- | --- |
| ആകെ | 248 | 115 | 144802758 | 60434682 | 41.74 |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 76311 | 843081 | 919392 | 768354 | 151038 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 16584942 | 16584942 | 16584942 | 0 |
| ആകെ | 76311 | 17428023 | 17504334 | 17353296 | 151038 |

എഎഫ്എസ്, രജിസ്റ്റർ എന്നിവ പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

രജിസ്റ്റർ പ്രകാരം ഉള്ള വരവ് ചെലവുകൾ

NREGS അഡ്മിൻ വരവ് -₹825126 അഡ്മിൻ ചെലവ് -₹1159779, തൊഴിലാളികളുടെ വേതനം -₹15609445/- മെറ്റീരിയൽ -₹982299

1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 16080 | 27 |
| കർഷകതൊഴിലാളി പെൻഷൻ | 4008600 | 4 |
| വിധവാപെൻഷൻ | 12905400 | 93 |
| വാർദ്ധക്യകാലപെൻഷൻ | 17427000 | 240 |
| വികലാംഗപെൻഷൻ | 2938800 | 19 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 1181400 | 9 |

1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-06-2022 3.10 Pm-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ

നടത്തി. 16109-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനവൽ പാർട്ട് 1 അനുബന്ധം ബി)

കണക്കുകൾ ശരിയായി അക്കൗണ്ട് ചെയ്യപ്പെടുന്നതിലും രേഖകളുടെ സൂക്ഷിപ്പിലും ഉള്ള അപാകതകൾ പരിഹരിക്കാൻ മേലുദ്യോഗസ്ഥൻമാർ ശരിയായ ശ്രദ്ധ പതിപ്പിച്ചിട്ടില്ല.

ലൈഫ് പദ്ധതി ഇനത്തിൽ ലോൺ വരവും തിരിച്ചടവും മുൻ വർഷങ്ങളിലേതുൾപ്പെടെ ഉണ്ടെങ്കിലും ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പ് വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2019-20 വർഷം സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകളിൽ ₹23330495/- ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു.

ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ നഷ്ടമാകും എന്നതിനാൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.
അക്കൗണ്ടിംഗിലെ അപാകതകൾ പരിഹരിക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പദ്ധതികൾ നടപ്പിലാക്കാത്തതു വഴി പദ്ധതി പണം നഷ്ടമാവുന്ന പ്രവണത ഒഴിവാക്കുന്നതിനായി ഭരണ സമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.4.2022 | 3/2022 | PAU6/PAT.1 /LKD/03 /20222 Dt. 28.4.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 6.10.10 To 15.10.10 | 2005-06 To 2009-10 | 18.11.10 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.2.2022 To 3.3.2022 | 1.4.2016 To 31.1.2022 | I/AMG-I/(HQ) /III/II/C-3/8A-15/2021-22/36 Dt. 3.5.2022 |

അക്കൌണ്ടന്റ് ജനറലിന്റെ 2005-06 To2009-10 വർഷ ഓഡിറ്റ് റിപ്പോർട്ടിലെ എല്ലാ ഖണ്ഡികകളും തീർപ്പാക്കി.

അക്കൗണ്ടന്റ് ജനറലിന്റെ 1.4.2016 To 31.1.2022 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡികകൾ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

1-11 സേവനങ്ങൾ നൽകുന്നതിന് നിയമം/ചട്ട പ്രകാരമുള്ള നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 200(2) , 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം.26 എന്നിവ അനുസരിച്ച് ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് ശുചിത്വ

പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവനനികുതി ചുമത്താവുന്നതാണ്. മേൽ പരാമർശിച്ച ചട്ടം 27, 28, 29 പ്രകാരം പഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ചുമത്തൽ, ഈടാക്കേണ്ട സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ, പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കൽ എന്നിവ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ചട്ടപ്രകാരമുള്ള സേവനഉപനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതായി കാണുന്നില്ല. പുതിയ വരുമാന മാർഗ്ഗം കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 പെർമിറ്റ് എടുക്കാതെയുള്ള നിർമ്മാണങ്ങൾ അധികരിക്കുന്നു

പഞ്ചായത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ/റഗുലറൈസേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിൽ 2019-20 വർഷം 323 കെട്ടിട നിർമ്മാണ പെർമിറ്റ്/ക്രമവൽക്കരണ അപേക്ഷകളാണ് വന്നിട്ടുള്ളത്. കൂടാതെ രജിസ്റ്റർ പ്രാകരം 85 ക്രമവൽക്കരണ അപേക്ഷകൾ വന്നിട്ടുണ്ട്.

2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 4 പ്രകാരം ഏതൊരാളും സെക്രട്ടറിയിൽ നിന്നും പെർമിറ്റ് ലഭ്യമാക്കാതെ കെട്ടിടം നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. എന്നാൽ 2019-20 വർഷം നൽകിയ കെട്ടിട നിർമ്മാണ പെർമിറ്റ്, റഗുലറൈസേഷൻ രജിസ്റ്റർ എന്നീ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പെർമിറ്റ് നേടാതെ നിരവധി നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്. പട്ടിക താഴെ കാണുക.

| അപേക്ഷയുടെ തരം | അനുവദിച്ച എണ്ണം (2019-20) |
|---|---|
| കെട്ടിട നിർമ്മാണ പെർമിറ്റ് | 323 |
| റഗുലറൈസേഷൻ | 85 |

പെർമിറ്റ് എടുക്കാതെ റഗുലറൈസേഷൻ ചെയ്ത കെട്ടിടങ്ങൾ അധികരിക്കുന്നത് പഞ്ചായത്ത് പ്രദേശത്ത് പെർമിറ്റില്ലാതെയുള്ള നിർമ്മാണങ്ങൾ ധാരാളം നടക്കുന്നുണ്ടെന്നും നിർമ്മാണങ്ങളുടെ മേൽ പഞ്ചായത്തിന് വ്യക്തമായ നിയന്ത്രണമില്ല എന്നുമാണ് സൂചിപ്പിക്കുന്നത്.

എല്ലാ നിർമ്മാണങ്ങളേയും പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - രേഖകളുടെ പരിശോധന

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമ പഞ്ചായത്ത് അനുവദിച്ച ലൈസൻസുകളുടെ അപേക്ഷകൾ, രജിസ്റ്ററുകൾ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല- വരവ് ചോർച്ച

പഞ്ചായത്തിലെ നിലവിലുള്ള സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | | എണ്ണം |
|---|---|---|---|
| I | 1 | വാണിജ്യാവശ്യം<br>100 ച. മീറ്റർ വരെ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, | 1737 |

| | | | |
|---|---|---|---|
| | | ഗോഡൗൺ | |
| | 2 | 100 ച. മീറ്റർ മുകളിൽ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 112 |
| | 3 | 200 ച. മീറ്റർ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 13 |
| 2 | | ഇതര വ്യവസായം | 49 |
| | | ആകെ | 1911 |

ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 390എണ്ണം മാത്രമാണ്. അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നുണ്ടോ? 2020-21 ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 395എണ്ണം മാത്രമാണ്.

1-14 ഭിന്നശേഷിക്കാർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ-ലൈസൻസ് ഹാജരാക്കിയിട്ടില്ല

പ്രൊജക്ട് നമ്പർ:169/20 (സ്പിൽ ഓവർ)

ചെലവു തുക:160000(വികസന ഫണ്ട്)

ബിൽനം.:3/21 തി.29-4-20

നിർവ്വഹണം- ഐ സി ഡി എസ് സൂപ്പർവൈസർ

മേൽ പദ്ധതിയിൽ പഞ്ചായത്തിലെ അംഗപരിമിതരായ ഗുണഭോക്താക്കൾക്ക് കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് കുറ്റിപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും സൈഡ് വീലോടു കൂടിയ 2 ഇരുചക്ര വാഹനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. വാഹനം കൈപ്പറ്റി 45 ദിവസത്തിനകം വാഹന റജിസ്ട്രേഷൻ, ലൈസൻസ് എന്നിവയുടെ പകർപ്പ് നിർവഹണ ഉദ്യോഗസ്ഥക്ക് കൈമാറേണ്ടതാണ്. എന്നാൽ വാഹനം ലഭിച്ച ഗുണഭോക്താവായ ശ്രീമതി രജനി, മുളഞ്ഞൂർ ലേണേഴ്സ് ലൈസൻസിന്റെ പകർപ്പാണ് അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടുള്ളത്. ടിയാരി ലൈസൻസ് നേടിയതായി കാണുന്നില്ല. ഓഡിറ്റ് എൻക്വയറി നം-7/17-06-2022 ന ടിയാരി ലൈസൻസ് നേടുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നറിയിച്ചിട്ടുണ്ട്.

1-15 അമൃതം ന്യൂട്രിമിക്സ് വാങ്ങൽ- ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു

ഗ്രാമപഞ്ചായത്തിൽ പോഷകാഹാര പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഐസിഡിഎസ് സൂപ്പർവൈസർ |
| പ്രോജക്ട് നം. | 35/19,(അങ്കണവാടി പോഷകാഹാരം ജനറൽ) |
| അടങ്കൽ | 2221500- |
| ഫണ്ട് | വികസന ഫണ്ട് +കേന്ദ്രാവിഷ്കൃതം |
| ചെലവ് | 1979057- |
| ബിൽനം. തി. | 4/20, 28-07-2019, തുക-458998/-<br>7/20, 24-01-20, തുക-499684/-<br>6/20, 19-10-2019, 298057/-<br>5/20,18-11-19,163859/-<br>Chq No-5173044/17-03-20, 498243/- |

| | (കേന്ദ്രാവിഷ്കൃതം) |
|---|---|

മേൽ പദ്ധതിക്കായി അങ്കണവാടികളിലേക്കുള്ള അമൃതം ന്യൂട്രിമിക്സ് കിഡ്സ് ലൗവർ അമൃതം ഫുഡ്സ്, കണിയംപുറം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. 2019-20 വർഷത്തിൽ 1202234.5 -(ജി.എസ്.ടി ഒഴികെയുള്ള തുക) രൂപ അമൃതം ന്യൂട്രിമിക്സ് ഇനം വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല.

(അക്കൗണ്ട് നമ്പർ- CNRB0000738, 0738256007299)

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്. സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ടി.ഡി.എസ് കുറവു ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം-10/18-06-2022 ക്ക് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനം നികുതി അടവാക്കിയതിന്റെ കോപ്പി ലഭ്യമാക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

1-16 അങ്കണവാടികളിലേക്ക് വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് അമൃതം ഫുഡ്സ് -ലാബ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്നും സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ ഭാരത സർക്കാരിന്റെ ചെന്നൈയിലുള്ള റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. (മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുംബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്)2020-21 സാമ്പത്തിക വർഷത്തിൽ അങ്കണവാടികളുടെ ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ ഗുണമേന്മ നിശ്ചയിക്കുന്നതിനായി സാമ്പിൾ അയച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പരിശോധന റിപ്പോർട്ട് ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക്(10/18.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. എല്ലാ ബാച്ച് ഭക്ഷ്യ മിശ്രിതത്തിന്റെ ഗുണമേന്മ പരിശോധിച്ചതിന്റെ റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (10/18.06.2022)നു ലഭ്യമാക്കിയ മറുപടിയിൽ ലാബ് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

എല്ലാ ബാച്ച് ഭക്ഷ്യ മിശ്രിതത്തിന്റെ ഗുണമേന്മ പരിശോധിച്ചതിന്റെ റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

1-17 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ - സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയില്ല. ചെലവ് തുക 400000- തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിൽ ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾച്ചുവടെ ചേർക്കുന്നു.

| നിർവ്വഹണം | ഐസിഡിഎസ് |
|---|---|

| | |
|---|---|
| | സൂപ്പർവൈസർ |
| പ്രോജക്ട് നം. | So-170/19 |
| അടങ്കൽ | 400000+ 14400 |
| ഫണ്ട് | വികസന ഫണ്ട് +തനത് |
| ചെലവ് | 400000- |
| ബിൽനം. തി. | 1/19-20 Dt 04-04-2019 |

മേൽ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി കെൽട്രോണിൽ നിന്നുമാണ് വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. താഴെ പറയുന്ന പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1) സ ഉ(കൈ) നം 22/2018/ത സ്വ ഭ വ തിയതി 14-02-2018 ഖണ്ഡിക 7(1.3) പ്രകാരം ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിക്കുവാൻ വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ക്യാമ്പ് നടത്തിപ്പ് വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

2) സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ , ഓർത്തോട്ടിക്ക് എൻജിനീയർ , പ്രോസ് തെറ്റിക്ക് എൻജിനിയർ, ഓഡിയോളജിസ്റ്റ്, ഓപ്പ്റ്റോമെടിസ്റ്റ് എന്നിവർ അടങ്ങിയതായിരിക്കേണ്ടതാണ് മെഡിക്കൽ ടീം . എന്നാൽ ഹാജരാക്കിയ ഫയലിൽ 'Civil Surgeon ( Orthopedics) From Thodupuzha 'എന്ന ഒരു ഡോക്ടറുടെ സേവനം ലഭിച്ചതായുള്ള സാക്ഷ്യപത്രമാണ് ഹാജരാക്കിയത്. സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാതെയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/17-06-2022) ലഭ്യമാക്കിയ മറുപടിയിൽ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ , ഓർത്തോട്ടിക്ക് എൻജിനീയർ , പ്രോസ് തെറ്റിക്ക് എൻജിനിയർ, ഓഡിയോളജിസ്റ്റ്, ഓപ്പ്റ്റോമെടിസ്റ്റ് എന്നിവരുടെ ലഭ്യതക്കുറവു മൂലമാണ് ക്യാമ്പിൽ പങ്കെടുക്കാതിരുന്നതെന്നറിയിച്ചിട്ടുണ്ട്. മേൽ അപാകതകൾ കാരണം ചെലവുതുക തടസ്സപ്പെടുത്തുന്നു.

1-18 അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികൾ

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 137 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 54 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ₹41758191 വകയിരുത്തിയതിൽ ₹13513399 ആണ് ചെലവഴിച്ചിട്ടുള്ളത്. 32.36% ആണ് തൻവർഷത്തെ ആകെ ചെലവ്. ₹28244792/- പദ്ധതികൾ നടപ്പിലാക്കാത്തതിനാൽ നഷ്ടമായി.

അസിസ്റ്റന്റ് എഞ്ചിനീയർ 2/2020, 3/2020 മാസങ്ങളിൽ ട്രഷറിയിൽ സമർപ്പിച്ച 8442842/- രൂപയുടെ ട്രഷറി ബിൽ ബുക്കിലെ ക്രമനം.58 മുതൽ 96 വരെയുള്ള 39 ബില്ലുകൾ മാറാതിരുന്നതിനാൽ ക്യൂ ബില്ലുകളായി മാറിയിട്ടുണ്ട്.

മേഖല തിരിച്ചുള്ള ചെലവ് താഴെ കൊടുക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|
| പൊതുവിഭാഗം (സാധാരണ വിഹിതം) | 2240972 | 1055991 | 1184981 |
| പൊതുവിഭാഗം (എസ്.സി.പി) | 4272404 | 1229895 | 3042509 |
| ധനകാര്യ കമ്മീഷൻ | 7150988 | 3617710 | 3533278 |

| | | | |
|---|---|---|---|
| ഗ്രാന്റ് | | | |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 3100000 | 488658 | 2611342 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 12000 | 0 | 12000 |
| മറ്റ് ഗ്രാമപഞ്ചായത്തുകൾ | 624400 | 0 | 624400 |
| ബ്ലോക്ക് പഞ്ചായത്ത് | 1500000 | 235890 | 1264110 |
| തനതു ഫണ്ട് | 5789878 | 742080 | 5047798 |
| മെയി.ഫണ്ട്(റോഡ്) | 12690000 | 5645858 | 7044142 |
| മെയി.ഫണ്ട് (നോൺ-റോഡ്) | 4377549 | 497317 | 3880232 |
| ആകെ | 41758191 | 13513399 | 28244792 |

മേൽ പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. റോഡ് കണക്റ്റിവിറ്റി ഭൂപടവും പ്ലാനും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

3. ആസ്തി രജിസ്ററർ 2019-20 വർഷം വരെ കാലികമാക്കിയിട്ടുണ്ട്.

4. ഇ-ടെണ്ടർ പ്രവൃത്തികളിൽ കരാറുകാരുടെ നിരക്കുകളുടെ താരതമ്യ പട്ടിക ഫയലിൽ സൂക്ഷിക്കുന്നില്ല.

5. മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ്പ്ലാൻ, ടി.എസ്. എന്നിവ സൂക്ഷിച്ചിട്ടില്ല.

6. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

7. എ. പ്രോജക്റ്റുകളുടെ ആധിക്യം

സ്പിൽഓവർ പ്രോജക്റ്റുകളുടേയും കുറഞ്ഞ അടങ്കലുള്ള പ്രോജക്റ്റുകളുടേയും ആധിക്യം തൻവർഷത്തെ ചെലവ് ശതമാനം കുറയുവാനും പല പ്രവൃത്തികളും അടുത്ത വർഷത്തേക്ക് സ്പിൽഓവർ ആകുവാനും ഇടയാക്കിയിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 133 മരാമത്ത് പ്രവൃത്തികളിൽ 51 എണ്ണം (38.35%) സ്പിൽഓവർ പ്രോജക്റ്റുകളാണ്.

ബി. മരാമത്ത് പ്രവൃത്തികളുടെ സ്വഭാവം

റോഡ് കോൺക്രീറ്റിംഗിനും ടാറിംഗിനുമാണ് തൻവർഷം മുൻഗണന നൽകിയിട്ടുള്ളത്. തൻവർഷം ഏറ്റെടുത്ത 133 മരാമത്ത് പ്രവൃത്തികളിൽ 42 എണ്ണം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളും 23 പ്രവൃത്തികൾ റോഡ് ടാറിംഗ് പ്രവൃത്തികളും 20 പ്രവൃത്തികൾ ഇന്റർ ലോക്ക് ടൈൽ വിരിക്കൽ പ്രവൃത്തികളുമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/19.6.2022ന് റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിന് R-track എന്ന സോഫ്റ്റ്‌വെയർ വഴി പദ്ധതി നടപ്പിലാക്കി കൊണ്ടിരിക്കുന്ന എന്നും അപാകതകൾ പരിഹരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ആവിഷ്കരിക്കുന്ന പദ്ധതികൾ അതാതു വർഷം തന്നെ നടപ്പിലാക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-19 വാഹനപരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 51-B-9090- Bolero വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ടുള്ള രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് മാർഗനിർദേശങ്ങൾ സ.ഉ (എം.എസ് )നം. 170/2007/തസ്വഭവ തിയതി 30-06-2007 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ധനകാര്യ വകുപ്പ് സർക്കുലർ നം. 41/2008/ധന തിയതി 2-8-2008 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ(പി)നം. 161/2006/ധന തിയതി 31-03-2006 പ്രകാരം സർക്കാർ വാഹനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുവാൻ വെഹിക്കിൾ ഹിസ്റ്ററി ബുക്ക്, വാഹനത്തിന്റെ റിപ്പയർ, സുരക്ഷ തുടങ്ങിയവയുടെ വിവരം രേഖപ്പെടുത്തുന്നതിനായി ഫോറങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

.ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ട്. ലോഗ് ബുക്ക് പ്രകാരം വാഹനത്തിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് 2019-20 സാമ്പത്തിക വർഷത്തിൽ ഒരു തവണയാണ് നടത്തിയിട്ടുള്ളത്. ( 11.07.2019 എന്ന തീയതിയിൽ നടത്തിയിട്ടുണ്ട്. ) എന്നാൽ ഇതു സംബന്ധിച്ച ഫ്യൂവൽ റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. .

- വാഹനങ്ങളുടെ പുക ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തിയതിന്റെ രേഖകൾ ലോഗ്ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.
- ഇന്ധന ഉപഭോഗത്തിന്റെ കൃത്യത ഉറപ്പാക്കാൻ ഇന്ധനം നിറച്ച തീയതി ,ടാങ്കിലെ ഇന്ധനത്തിന്റെ അളവ് ,ഹാജരായിരുന്ന ആളുടെ പേര് , ഉദ്യോഗപ്പേര് ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് എന്ന വ്യവസ്ഥയുണ്ട്. ടി നിർദ്ദേശം പാലിച്ചിട്ടില്ല.
- ജി.ഒ(പി)നം.161/2006/ധന തിയതി 31-03-2006 പ്രകാരം നിശ്ചയിച്ചിട്ടുള്ള മാതൃകയിൽ വാഹനത്തിന്റെ വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിച്ചിട്ടില്ല.
- പ്രതിമാസ സംക്ഷിപ്തം എഴുതിയിട്ടില്ല.
- ഇന്ധന ഓർഡർ ബുക്ക് സൂക്ഷിച്ചിട്ടില്ല.
- സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
- വാഹനത്തിന്റെ റിപ്പയർ സംബന്ധിച്ച റിപ്പയർ റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മാറ്റിയ സാധനങ്ങൾ വാറണ്ടി കാലയളവ് കഴിയുന്നതിന് മുമ്പ് വീണ്ടും മാറ്റി സ്ഥാപിക്കുന്നുണ്ടോ, റിപ്പയർ സംബന്ധിച്ച് അമിതമായി ചെലവ് വരുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം - 8, തീയതി- 18.06.22) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1). സ.ഉ(എം.എസ് )നം.170/2007/തസ്വഭവ തിയതി 30-06-2007 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.

2).വാഹനത്തിന്റെ മൈലേജ് ഗണ്യമായി കുറയുന്നുണ്ടോ എന്നും ഇന്ധനത്തിന്റെ ഉപയോഗം വർദ്ധിക്കുന്നുണ്ടോ എന്നും അറിയുന്നതിന് ഫ്യുവൽ ടെസ്റ്റ് സമയബന്ധിതമായി നടത്തേണ്ടതാണ്.

3) .വാഹനത്തിന്റെ പുക ടെസ്റ്റ് നടത്തി സാക്ഷ്യപത്രം സൂക്ഷിക്കേണ്ടതാണ്.

4).വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിക്കേണ്ടതാണ്.

5) ലോഗ് ബുക്കിൽ പ്രതിമാസ സംക്ഷിപ്തം രേഖപ്പെടുത്തേണ്ടതാണ്.

6) ഇന്ധന ഓർഡർ ബുക്ക് , സ്റ്റോക്ക് രജിസ്റ്റർ , റിപ്പയർ രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്.

1-20 എെ.എസ്.ഒ. സർട്ടിഫിക്കറ്റ് - അനുബന്ധചെലവുകൾ - ചെലവുരേഖകൾ ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നമ്പറും പേരും | 63 , ISO Certificate അനുബന്ധ ചെലവുകൾ |
| അടങ്കൽ | 400000 ( തനതു ഫണ്ട് ) |
| ചെലവ് | 232048 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| റിക്വിസിഷൻ നമ്പർ - | 508240720119015 / 05.0919 - 42867 |
| റിക്വിസിഷൻ നമ്പർ- | 508240720119018 / 23.09.19 - 5085 |
| റിക്വിസിഷൻ നമ്പർ - | 508240720119014/26.08.19 - 4950 |
| റിക്വിസിഷൻ നമ്പർ- | 508240720119021/04.11.19 - 99819 |
| റിക്വിസിഷൻ നമ്പർ - | 508240720119040/31.03.20 - 79327 |
| | ആകെ - 232048 |

ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് എെ.എസ്.ഒ സർട്ടിഫിക്കേഷൻ പഞ്ചായത്തായി മാറ്റുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റ് അവശ്യസേവനങ്ങൾക്ക് ആവശ്യമായ തുക കണ്ടെത്തുന്നതിനുമായാണ് മേൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് 232048 രൂപ ചെലവഴിച്ചിട്ടുണ്ട് . എന്നാൽ മോൽ സൂചിപ്പിച്ച തുകകളിൽ റിക്വിസിഷൻ നമ്പർ - 508240720119021/04.11.19 പ്രകാരം ചെലവഴിച്ച 99819 രൂപയുടെ ചെലവുരേഖയിൽ 12100 രൂപ ശ്രീകൃഷ്ണ എഞ്ചിനീയറിങ്ങ് വർക്സിന് നൽകിയതിന്റെ ബിൽ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത് ബാക്കി 87719രൂപയുടെയും റിക്വിസിഷൻ നമ്പർ - 508240720119040/31.03.20 പ്രകാരമുള്ള 79327 രൂപയുടെയും ചെലവുരേഖകൾ പരിശോധനക്കായി ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം -11/18.06.22) മറുപടി ലഭ്യമാക്കിയില്ല .

ചെലവുരേഖകൾ ഹാജരാക്കുന്നതുവരെ ചെലവുതുക 167046 രൂപ തടസ്സപ്പെടുത്തുന്നു.

1-21 ജലനിധി പദ്ധതി - പമ്പ് ഓപ്പറേറ്റർമാരുടെ വേതനം - സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കേണ്ടതാണ്.

ജലനിധി പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. പഞ്ചായത്ത് ജലനിധി പദ്ധതി ഏറ്റെടുത്ത കാലയളവിൽ (2013 സാമ്പത്തിക വർഷത്തിൽ) , പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 5 കുടിവെള്ള പദ്ധതികൾ ആസ്തികൾ ഉൾപ്പെടെ കരാർ ചമച്ചുകൊണ്ട് ജലനിധിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ അവയിലെ താഴെ പറയുന്ന 3 പദ്ധതികൾ പഞ്ചായത്ത് നേരിട്ടു നടത്തി വരുന്നു .

1) ഞാവലിൻ കടവ് നദീജല വിതരണ പദ്ധതി

2) പാലക്കുറുശ്ശി പറമ്പ് (ബോർവെൽ സ്കീം)

3) അകലൂർ (ബോർവെൽ സ്കീം)

ഇവയുടെ നടത്തിപ്പിനായി ഭീമമായ തുക ചെലവഴിച്ച് വരുന്നു. ഇതുമായി ബന്ധപ്പെട്ട് ടി കുടിവെള്ള പദ്ധതികളിലെ പമ്പ് ഓപ്പറേറ്റർമാരുടെ വേതനം ഇനത്തിൽ 2019-20 വർഷത്തിൽ 433500 രൂപ തനതു ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ഞാവലിൻ കടവ് കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപ്പണികൾക്കും ടാങ്ക് ശുദ്ധീകരിക്കുന്നതിലേക്കുമായും തുക ചെലവഴിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് Go(Rt)No. 1816/12, LSGD തീയ്യതി 30.06.12 പ്രകാരം ജലനിധി പദ്ധതിയുടേയും ആസ്തികളുടെയും ഉടമസ്ഥത ഗുണഭോക്തൃ സമിതികൾക്കും ഗ്രാമ പഞ്ചായത്തിനും സംയുക്തമായിട്ടായിരിക്കുമെന്നും ഭരണം, നടത്തിപ്പ്, വൈദ്യുതി ചാർജ്ജ് ഒടുക്ക്, അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് ഉൾപ്പെടെയുള്ള ചെലവുകളുടെ ചുമതല ഗുണഭോക്തൃ സമിതികൾക്കായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മേൽ പറഞ്ഞ ഉത്തരവിലെ നിർദേശത്തെ മറികടന്നു കൊണ്ട് ഈ പദ്ധതികളുമായി ബന്ധപ്പെട്ട ശമ്പളം, അറ്റകുറ്റപ്പണികൾ എന്നിവയുൾപ്പെടെയുള്ള മുഴുവൻ തുകയും ഇപ്പോഴും പഞ്ചായത്താണ് നേരിട്ട് വഹിക്കുന്നത്. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 4/ 17.06.22) പ്രസ്തുത പദ്ധതികൾ ജലനിധിയുടെ ബന്ധപ്പെട്ട സ്കീം ലെവൽ കമ്മറ്റിക്ക് കൈമാറിയിട്ടില്ല എന്നും , കുടിവെള്ള വിതരണം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണെന്നും കുടിവെള്ളവിതരണം തടസ്സപ്പെടുത്താതിരിക്കാൻ പമ്പ് ഓപ്പറേറ്റർമാർക്ക് ഡിസംബർ 2020 വരെ വേതനം നൽകുന്നതിന് ഭരണസമിതി തീരുമാനിച്ചിരുന്നു എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച പദ്ധതികൾ ബന്ധപ്പെട്ട ജലനിധി സ്കീം ലെവൽ കമ്മറ്റിക്ക് (SLEC II) കൈമാറാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടിവിവരം അറിയിക്കേണ്ടതാണ്.

### 1-22 എ.ബി.സി. പദ്ധതി - ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് നമ്പറും പേരും | 23/20 , തെരുവു നായ്ക്കളുടെ പ്രജനനം നിയന്ത്രിക്കുന്നതിന് എ.ബി.സി. പ്രോഗ്രാം |
| അടങ്കൽ | 200000 ( വികസന ഫണ്ട്- ജനറൽ ) |
| ചെലവ് | 200000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നമ്പർ/തുക | 12/ 17.08.19- ( Plan) |

തെരുവുനായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനും അതു വഴി പേവിഷബാധയും ജന്തുജന്യരോഗങ്ങളും നിയന്ത്രിക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിൽ 2019-20 വർഷത്തിൽ എ.ബി.സി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിക്കായി ലെക്കിടിപേരൂർ ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായി 200000 രൂപ ഗ്രാമപഞ്ചായത്ത് സെക്രട്ടറി , ജില്ലാ പഞ്ചായത്തിന് കൈമാറിയിയിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണവിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
|---|---|---|
| 2019-20 | 10.6.2022 മുതൽ 20.6.2022വരെ | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം -1ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പൂക്കോട്ടുകാവ് ഗ്രാമ പഞ്ചായത്ത് | 2016-17 | 110000 | പല്ലാർമംഗലം ഗ്യാസ് ശ്മശാനം പൂർത്തീകരണം | 0 | 110000 |
| അമ്പലപ്പാറ ഗ്രാമ പഞ്ചായത്ത് | 2017-18 | 514400 | പല്ലാർമംഗലം ഗ്യാസ് ശ്മശാനം പൂർത്തീകരണം | 0 | 514400 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1500000 | 178/20 -പല്ലാർമംഗലം ഗ്യാസ് ശ്മശാനം പൂർത്തീകരണം | 235890 | 1264110 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | 29/20 -ലൈഫ് മിഷൻ | 3430023 | 483977 |

| | | | | | |
|---|---|---|---|---|---|
| | | | (ജനറൽ) | | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 3614000 | 29/20ലൈഫ് മിഷൻ (ജനറൽ) | | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2816500 | 28/20-ലൈഫ് (എസ്.സി.പി) | 320000 | 2496500 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100000 | 14/20- പാൽ സബ്സിഡി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 150000 | 48/20 - ഭിന്നശേഷി വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 385000 | 29/20ലൈഫ് മിഷൻ (ജനറൽ) | 385000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1037243 | സമ്പൂർണ്ണ അംഗൻവാടി നിർമ്മാണം (പല പദ്ധതികൾ ക്കുള്ള തുക) | 1037243 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 99999 | 244/20 -ലൈഫ് മിഷൻ (എസ്.സി) | 99999 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 101565 | ഭിന്നശേഷി വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് | | 101565 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 985718 | 29/20-ലൈഫ് മിഷൻ (ജനറൽ) | 985677 | 41 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1148800 | 33/20 -ഉഴവുകൂലി | 1148800 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 443323 | 29/20-ലൈഫ് മിഷൻ (ജനറൽ) | 443323 | 0 |
| ജില്ലാ പഞ്ചായത്ത് (നേരിട്ട്) | 2019-20 | 47253 | 14/20 - പാൽ സബ്സിഡി | 47253 | 0 |

## 4-3 നിക്ഷേപപ്രവൃത്തിക്കു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർനമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | ട്രഷറി ബിൽ നമ്പർ- 26/21.01.20 | 29079 | - | 29079 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹3220000/- വരവുണ്ട്. ഇതിൽ ₹ 3220000 /- തൻവർഷം വിനിയോഗിച്ചിട്ടുണ്ട്. ബാലൻസ് തുക വിനിയോഗിക്കാൻ അവശേഷിക്കുന്നില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ- ഭവന നിർമ്മാണം | GO(MS)No. 68/2018. LSGD Dt.18.5.2018 | 17700000 (2018-19) + 3220000 (2019-20) ലെ വരവ് | 17700000 | 180000 + 1573530 | 0 | 19166470 |

180000 -നേരിട്ട്, 1573530 -Source Deduction

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 39790/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| | | 38056 | ആറുമുഖൻ | 119010105845/ 19.11.2019 |
| | | 1734 | ആറുമുഖൻ | 119040900059/ 14.10.2019 |
| ആകെ | | 39790 | | |

₹39790 കോട്ടയം ഡിഡിപിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കിയ തുകകളാണ്. മറ്റു വിശദാംശങ്ങൾ ലഭ്യമല്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ ഒന്നും അവശേഷിക്കുന്നില്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹124591722 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹130471929 |
| വരവിനങ്ങളിലുള്ള നഷ്ടം | : | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | --- |
| പിഴയിനത്തിൽ തനത് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ട തുക | | --- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹567046 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| | ഒന്നുമില്ല | | |

പിഴയിനത്തിൽ തനത് ഫണ്ടിലേക്ക് അടവാക്കേണ്ട തുകയുടെ വിവരം (ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം)

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഒന്നുമില്ല | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 400000 | ശ്രീമതി.രാധ.കെ, ഐസിഡിഎസ് സൂപ്പർവൈസർ |
| 1-20 | 167046 | ₹87719 -ശ്രീ.ബിജു,സെക്രട്ടറി ₹79327 -ശ്രീ.ഗോകുൽദാസ്.ടി.ആർ, സെക്രട്ടറി (ഇൻ-ചാർജ്) |
| ആകെ | 567046 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

------

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.രാധ.കെ, ഐസിഡിഎസ് സൂപ്പർവൈസർ | ഐസിഡിഎസ് സൂപ്പർവൈസർ, ലെക്കിടിപേരൂർ ഗ്രാമപഞ്ചായത്ത് | R.N.K.നിവാസ്, വൃന്ദാവൻ, NSS Engineering College, അകത്തേത്തറ, പാലക്കാട് |
| ശ്രീ.ബിജു, സെക്രട്ടറി | സെക്രട്ടറി, നെടുമുടി ഗ്രാമപഞ്ചായത്ത് | ഗോകുലം, കളർക്കോട്, സനാതനപുരം (പി.ഒ), ആലപ്പുഴ |
| ശ്രീ.ഗോകുൽദാസ്.ടി.ആർ, സെക്രട്ടറി (ഇൻ-ചാർജ്) | അസിസ്റ്റന്റ് സെക്രട്ടറി, | താഴത്തേതിൽ വീട്, |

| | | |
|---|---|---|
| | ലെക്കിടിപേരൂർ ഗ്രാമപഞ്ചായത്ത് | കിഴക്കംപുറം (പി.ഒ), മണ്ണൂർ, പാലക്കാട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP8-220/99/24.09.99 | ഓഡിറ്റ് അദാലത്ത് |
| 1997-98 | LFP6/618/00/ 06.10.00 | ,, |
| 1998-99 | LFP6/1714/09.08.01 | ,, |
| 1999-00 | LFP14/504/13.02.01 | ,, |
| 2000-01 | LFP14/622/05/ 10.11.06 | ,, |
| 2001-02 | LFP14-623/05/28.12.07 | ഫർദർ റിമാർക്സ് |
| 2002-03 | LFP14- 228/07/07.01.08 | ഫർദർ റിമാർക്സ് |
| 2003-04 | LFP16- 793/12/02.07.12 | ഫർദർ റിമാർക്സ് |
| 2004-05 | LFP14-1181/09/18.10.10 | ഫർദർ റിമാർക്സ് |
| 2005-06 | LFP14- 1182/09/ 08.03.11 | ഫർദർ റിമാർക്സ് |
| 2006-07 | LFP14-1183/09/17.03.11 | ഫർദർ റിമാർക്സ് |
| 2007-08 | LFP14- 1184/09/ 18.03.11 | ഫർദർ റിമാർക്സ് |
| 2008-09 | LFP16- 1277/12/ 06.10.12 | ഫർദർ റിമാർക്സ് |
| 2009-10 | LFP16- 1352/12/ 10.09.12 | ഫർദർ റിമാർക്സ് |
| 2010-11 | LFP16- 1002/13/ 02.12.13 | ഫർദർ റിപ്പോർട്ട് |
| 2011-12 | LFP16 - 981/14 | ഫർദർ റിപ്പോർട്ട് |
| 2012-13 | KSA-PKD16/1017/15/28.3.17 | ഫർദർ റിമാർക്സ് |
| 2013-14 | KSA-PKD16/1429/16/12.12.18 | ഫർദർ |

| | | |
|---|---|---|
| 2014-15 | | റിമാർക്സ് |
| 2015-16 | KSA-PKD16/251/17/12.2.18 | ഫർദർ റിമാർക്സ് |
| 2016-17 | KSA-PKD16/1399/17/7.6.18 | ഫർദർ റിമാർക്സ് |
| 2017-18 | KSA-PKD16/62/19/20.02.19 | ഫർദർ റിമാർക്സ് |
| 2018-19 | KSA-PKD16/16-745 /2020/04.06.2020 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3

വാർഷിക കണക്ക് -പത്രികകൾ

| | | | |
|---|---|---|---|
| Lekkidi Perur Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 64882599.00 |
| Cash | Cash | RP-40(a) | 177819.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1429770.00 |
| 130000000 | Rental income from Panchayat Properties | RP-3 | 628100.00 |
| 140000000 | Fees & User Charges | RP-4 | 1184023.00 |
| 150000000 | Sale & Hire Charges | RP-5 | 230333.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 50794931.00 |
| 171000000 | Interest Earned | RP-9 | 1172690.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 48876056.00 |
| 350000000 | Other Liabilities | RP-36 | 1062451.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 39790.00 |
| 311000000 | Earmarked Funds | RP-29 | 6180.00 |
| 330000000 | Secured Loans | RP-32 | 13220000.00 |
| 340000000 | Deposits Received | RP-34 | 286967.00 |
| 350000000 | Other Liabilities | RP-36 | 472782.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5103664.00 |
| 460000000 | Loans, Advances and Deposits | RP-47 | 83985.00 |

| | | | |
|---|---|---|---|
| | Grand total | | 189652140.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3671865.00 |
| 220000000 | Administrative Expenses | RP-12 | 925081.00 |
| 230000000 | Operations & Maintenance | RP-13 | 2006729.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 6613353.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 31750029.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 956010.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 4793585.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 506960.00 |
| 255000000 | Maintenance Projects | RP-20 | 5124749.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 406986.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 33000.00 |
| 280000000 | Prior Period item | RP-26 | 2492.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1700578.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 56702523.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1570.00 |
| 280000000 | Prior Period Item | RP-26 | -3750.00 |
| 311000000 | Earmarked Funds | RP-29 | 1000.00 |
| 330000000 | Secured Loans | RP-32 | 180000.00 |
| 340000000 | Deposits Received | RP-34 | 264851.00 |
| 350000000 | Other Liabilities | RP-36 | 4158157.00 |
| 410000000 | Fixed Assets | RP-38 | 8959709.00 |
| 430000000 | Stock-in-hand | RP-42 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 1716452.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 59180211.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 189652140.00 |

ഡെപ്യൂട്ടി ഡയറക്ടർ

| Lekkidi Perur Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6753752.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 631496.00 |
| 140000000 | Fee & User Charges | I-4(b) | 1463523.00 |
| 150000000 | Sale & Hire Charges | I-5(b) | 230333.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 165822231.00 |

| | | | |
|---|---|---|---|
| 171000000 | Interest Earned | I-8 | 1172690.00 |
| 180000000 | Other Income | I-9 | 49952.00 |
| | Total Income | | 176123977.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10050900.00 |
| 220000000 | Administrative Expenses | I-11(b) | 925081.00 |
| 230000000 | Operations & Maintenance | I-12(b) | 2274957.00 |
| 240000000 | Interest & Finance Charges | I-13 | 1570.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6613353.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 52344694.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 956010.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 4793585.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 28150960.00 |
| 255000000 | Maintenance Projects | I-14(e) | 5124749.00 |
| 256000000 | Other Revenue | I-15(a) | 53608365.00 |

| | | | |
|---|---|---|---|
| | Grants and Funds - Revenue Expenses | | |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 33000.00 |
| 272000000 | Depreciation | I-17(a) | 11832874.00 |
| | Total Expenditure | | 176710098.00 |
| | Gross Surplus/ Deficit of income over Expenditure | | -586121.00 |
| 280000000 | Prior Period Item | I-18 | 157573.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -743694.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ

| | | | |
|---|---|---|---|
| Lekkidi Perur Grama Panchayat BALANCE SHEET | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 36913320.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 33570.00 |
| 312000000 | Reserves | B-3 | 57532717.00 |
| | Total Reserve & Surplus | | 94479607.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & | B-4 | 7860198.00 |

| | | | |
|---|---|---|---|
| | Contribution for Specific Purposes | | |
| | Total Grants, Contributions for Specific Purposes | | 7860198.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 19166470.00 |
| | Total Loans | | 19166470.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 408240.00 |
| 350000000 | Other Liabilities | B-9 | 1101297.00 |
| | Total Current Liabilities and Provisions | | 1509537.00 |
| | TOTAL LIABILITIES | | 123015812.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 61726647.00 |
| 411000000 | Accumulated Depreciation | B-11 | -20930668.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 40795979.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 212907.00 |
| 440000000 | Pre-paid Expenses | B-16 | 19166470.00 |
| 450000000 | Cash and Bank Balance | B-17 | 59180211.00 |
| 460000000 | Loans, Advances and Deposits | B-18 | 3660245.00 |
| | Total Current Assets, Loans and Advances | | 82219833.00 |

| | |
|---|---|
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 123015812.00 |

ഡെപ്യൂട്ടി ഡയറക്ടർ